Malayala Manorma

19 June 2018

Kochi: Heavy rain,

3 കൊച്ചി

മെട്രോ മെയിൽ

വായനക്കാർക്കുള്ള വേദി മെട്രോ മനോരമ വീണ്ടും തുറന്നിടുന്നു. പൊതുസമൂഹത്തിന്റെ, അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്താനുള്ള കാര്യങ്ങൾ നിങ്ങൾക്ക് ഇവിടെ എഴുതാം. metrokochi@mm.co.in

പാവം കാൽനടക്കാരെ നനയ്ക്കല്ലേ...

മഴക്കാലയാത്രയുടെ ദുരിതം ഏറ്റവുമധികം അനുഭവിക്കുന്നവരാണു കാൽനടക്കാർ. കോരിച്ചൊരിയുന്ന മഴയത്ത് ഇടുവസ്ത്രം നനയാതെ ശരീരം കുടയ്ക്കുള്ളിലേക്കു പരമാവധി ഒതുക്കി വഴിയോരത്തുകൂടി നടക്കുമ്പോഴാണു വാഹനങ്ങളുടെ തലങ്ങും വിലങ്ങുമുള്ള ചീറിപ്പാച്ചിൽ. കെട്ടിക്കിടക്കുന്ന പെയ്ത്തുവെള്ളത്തിലൂടെ, ഒരു മര്യാദയുമില്ലാതെയുള്ള അവരുടെ പോക്കു വലയ്ക്കുന്നതു പാവം കാൽനടക്കാരെയാണ്. റോട്ടിലെ ചെളിവെള്ളമെല്ലാം തെറിപ്പിച്ചുകൊണ്ടാണ് ഇരുചക്രവാഹനമടക്കമുള്ളവയുടെ പാച്ചിൽ. പുതിയ വസ്ത്രം ധരിച്ചു രാവിലെ ജോലിക്കു പോവുന്നവരാവാം. അല്ലെങ്കിൽ സ്കൂളിലേക്കു പോവുന്ന വിദ്യാർഥികളാവാം... ആരുമായിക്കോട്ടെ, നഗരവഴിയിലൂടെ അഞ്ചോ പത്തോ മിനിറ്റോ നടന്നാൽ അഴുക്കുവെള്ളം തെറിച്ചു നനഞ്ഞു കുളിച്ചതുതന്നെ. ലക്ഷ്യമെത്തുമ്പോഴേക്കും ചേറും ചെളിയും നിറഞ്ഞു വസ്ത്രങ്ങളും ശരീരവും നാശമോശമായിട്ടുണ്ടാവും. കെട്ടിക്കിടക്കുന്ന വെള്ളത്തിനടുത്തെത്തുമ്പോൾ അൽപമൊന്നു ശ്രദ്ധിച്ചാൽ ഒഴിവാക്കാവുന്നതാണിത്. നടന്നു പോവുന്നവരും യാത്രക്കാരാണ് എന്ന സഹജീവിബോധം ഉണ്ടായാൽ ആക്സിലേറ്റർ അത്ര അമർത്തിച്ചവിട്ടാൻ തോന്നില്ല. വാഹനമോടിക്കുന്നവർ അൽപമൊന്നു വേഗമൊതുക്കിയാൽ ഈ പാവം കാൽനടക്കാർ ചെളിവെള്ളം നനയാതെ എത്തേണ്ടിടത്തെത്തിക്കോളും.

സാജു കളത്തിൽ
തെങ്ങോട്, കാക്കനാട്.

കാടു കണ്ട്, കാട്ടാറു കണ്ട് മഴയാത്രയ്ക്കു പോവാം

കൊച്ചി ● ദക്ഷിണേന്ത്യയിലെ തന്നെ ഏറ്റവും മനോഹരമെന്നു വിശേഷിപ്പിക്കപ്പെടുന്ന വനപാതയിൽ കൂടി കാടിനെ അറിഞ്ഞ് യാത്ര ചെയ്യാൻ ടൂറിസം വകുപ്പു ക്ഷണിക്കുന്നു. തുമ്പൂർമുഴി ഡാം, അതിരപ്പിള്ളി, വാഴച്ചാൽ വഴി കേരള തമിഴ്നാട് അതിർത്തിയിലുള്ള മലക്കപ്പാറ എന്ന ശ്രാമം വരെയാണ് 'മലക്കപ്പാറ ജംഗിൾ സഫാരി' എന്നു പേരിട്ട യാത്ര. ഇപ്പോൾ മഴക്കാലമായതിനാൽ മഴയാത്ര എന്നും വിളിക്കാം. ആകെ തൊണ്ണൂറോളം കിലോമീറ്റർ നീളുന്ന യാത്രയിൽ അൻപതോളം കിലോമീറ്റർ നിബിഡ വനമാണ്. അതിരപ്പിള്ളി, വാഴച്ചാൽ വെള്ളച്ചാട്ടങ്ങൾ, പെരിങ്ങൽകുത്ത് ഡാം, ഫോളയാർ, ആനക്കയം എന്നീ സ്ഥലങ്ങൾ യാത്രയുടെ പ്രത്യേകതയാണ്. പശ്ചിമഘട്ടത്തിന്റെ മനോഹര ദൃശ്യങ്ങളോടൊപ്പം അപൂർവം ജൈവ വൈവിധ്യങ്ങളും കൺമുന്നിൽ തെളിയും. രാവിലെ എട്ടിനു ചാലക്കുടി പിഡബ്ല്യുഡി റെസ്റ്റ് ഹൗസിൽ നിന്നാരംഭിക്കുന്ന യാത്ര രാത്രി എട്ടിന് അവിടെത്തന്നെ തിരിച്ചെത്തും. ശീതീകരിച്ച വാഹനത്തിലെ യാത്രയിൽ ലഘുഭക്ഷണം, ഉച്ചഭക്ഷണം, ഡൈഡിന്റെ സേവനം എന്നിവയുണ്ട്. ടൂറിസം വകുപ്പ്, അതിരപ്പിള്ളി - വാഴച്ചാൽ - തുമ്പൂർമുഴി ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിൽ എന്നിവ ചേർന്നാണ് യാത്ര ഒരുക്കുന്നത്. 1000 രൂപയാണ് ഒരാളുടെ ചാർജ്. യാത്ര പോകണമെന്നാഗ്രഹിക്കുന്നവർ മുൻകൂട്ടി ബുക്ക് ചെയ്യണം. ഫോൺ - 0480 2769888